**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4674** **13-03-2023 - ൽ മറുപടിയ്ക്ക്**

**വൃക്ഷ സമൃദ്ധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വൃക്ഷ സമൃദ്ധി പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (എ) | വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് വൃക്ഷസമൃദ്ധി. വനങ്ങൾക്ക് പുറത്ത് പ്രത്യേകിച്ച് സ്വകാര്യഭൂമിയിലും, പൊതുസ്ഥലങ്ങളിലും; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സജീവ പങ്കാളിത്തം വഴി വൃക്ഷാവരണം വിപുലപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. വൃക്ഷസമൃദ്ധി പദ്ധതിയ്ക്ക് കീഴിലുള്ള ഈ ഏകോപിത സ്ഥാപന ക്രമീകരണത്തിൽ വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് പരിപാലിക്കുന്നത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പാണ്. പദ്ധതിയ്ക്ക് വേണ്ടി വരുന്ന എല്ലാ സാങ്കേതിക സഹായങ്ങളും വനംവകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം നൽകുന്നു. തൈകൾക്ക് 3 മുതൽ 5 വർഷം വരെ തുടർപരിചരണം MGNREGS മാർഗ്ഗ നിർദ്ദേശ പ്രകാരം നടത്തുകവഴി 5 വർഷം കൊണ്ട് ചുരുങ്ങിയത് 80% തൈകളെങ്കിലും മരമായി വളരുമെന്നതാണ് പദ്ധതിയുടെ നേട്ടം. പദ്ധതിയുടെ പ്രാരംഭ വർഷത്തിൽ (2022-നടീൽ വർഷം) മാത്രം മദർബെഡ് നഴ്സറിക്കാവശ്യമായ യോജിച്ചതും ഗുണമേന്മയുള്ളതുമായ വിത്തുകൾ വനം വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് 35.93 ലക്ഷം തൈകൾ ടി പദ്ധതി പ്രകാരം ഇതിനോടകം നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി ഏകദേശം 40 ലക്ഷത്തിൽപ്പരം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം മാത്രമാണ് വനം വകുപ്പ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ